(ഡി) അയ്യങ്കാളി നഗർതൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ടി പദ്ധതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ 18-7-2013-ലെ 1900/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, (എം.ഐ.എസ്.) നടപ്പിലാക്കിയിട്ടുണ്ട്.

## എൻ.ആർ.ഐ.കമ്മീഷൻ

27 (*297) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എൻ.ആർ.ഐ. കമ്മീഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷന്റെ ഘടനരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രവാസികൾക്ക് എന്തെല്ലാം സേവനങ്ങളാണ് ഈ കമ്മീഷനിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽ നടന്ന അഗോള പ്രവാസി മലയാളി സംഗമം കേരളത്തിലെ പ്രവാസി മലയാളികളുടെ സ്വത്തുക്കളും മറ്റ് സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായി അർദ്ധ നീതിന്യായ അധികാരങ്ങളോടുകൂടിയ ഒരു പ്രവാസി കേരളീയ കമ്മീഷൻ സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

(ബി&സി) ഈ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

## നികുതി ഇളവ്

28 (*298) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ഇളവ് വരുത്തുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തീരുമാനങ്ങൾ ഓരോന്നും കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം എന്തായിരുന്നു ;

(സി) ഇത്തരത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോ ; വ്യക്തമാക്കാമോ;

(ഡി) ഈ തീരുമാനംമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിൽ വരുന്ന കുറവ് നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ ) :

(എ&ബി) നികുതി ഇളവ് നൽകിയിട്ടുണ്ട്. 1961-ലെ കേരള ലോക്കൽ അതോറിറ്റീസ് & എന്റർടൈൻമെന്റ് ആക്ട് 7(എ)-ലെ വ്യവസ്ഥകൾക്കനുസൃതമായി വിദ്യാഭ്യാസപരവും സാംസ്കാരികവും ശാസ്ത്രീയവും പൊതുജനാരോഗ്യ താൽപര്യങ്ങൾക്കനുസൃതവും, കാർഷികവും വ്യാവസായികവുമായ കാര്യങ്ങൾക്ക് പ്രോത്സാഹനജനകവും ലാഭേച്ഛ കൂടാതെയും മതപരമോ ധാർമ്മിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ സിനിമാ പ്രദർശനങ്ങൾക്കും മറ്റു പ്രദർശനങ്ങൾക്കും അപേക്ഷയുടെ അടിസ്ഥാനത്തിൽ വിനോദ നികുതിയിൽ നിന്നും ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്.

1994-ലെ കേരള മുനിസിപ്പാലിറ്റീസ്/പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലെ വസ്തു നികുതിയിൽ നിന്നും ഒഴിവ് നൽകിക്കൊണ്ടുള്ള കെട്ടിടങ്ങളുടെ വിഭാഗത്തിൽ സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറിതലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന കെട്ടിടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 25-11-2012 മുതൽ പ്രാബല്യത്തോടെയാണ് ഈ ഭേദഗതി നിലവിൽ വന്നത്.

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് 281 (2) വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി നഗരസഭകളിൽ സ്ഥിതിചെയ്യുന്ന ചില പ്രത്യേക കെട്ടിടങ്ങളെ വസ്തു നികുതി അടയ്ക്കുന്നതിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്.

കേരളാ പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി ആക്ട് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ ഭേദഗതി ചെയ്ത് 14-1-2011-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സർക്കാർ വിജ്ഞാപനം ചെയ്ത നികുതി

LIBRARY ARCHIVES Kerala Legislative Assembly.

നിരക്കുകൾ പ്രത്യേകിച്ചും ഗാർഹികേതര കെട്ടിടങ്ങളുടെ കാര്യത്തിൽ വളരെ കൂടുതലാണെന്ന പരാതിയെത്തുടർന്ന് 2013-ൽ ടി ചട്ടങ്ങൾ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി :

1. 24-2-2015-ലെ സ.ഉ.(അ) നമ്പർ 36/2015/ത.സ്വ.ഭ.വ. പ്രകാരം നിരക്ക് നിശ്ചയിച്ചു കൊണ്ടുള്ള ഭേദഗതി വിജ്ഞാപനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിലെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്കായ 3-8 രൂപ നിരക്ക് ആയി കുറച്ചിട്ടുണ്ട്.

2. എം.എസ്.എം.ഇ. ആക്ട് പ്രകാരം (ചെറുകിട) വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെകെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരുന്ന 40-60 രൂപ നികുതി നിരക്ക് 15-25 രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

3. ഉടമസ്ഥൻ മറ്റൊരാൾക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിന്മേൽ ഉണ്ടായിരുന്ന 50% അധിക നിരക്കും വാടകയ്ക്ക് നൽകിയിട്ടുള്ള സ്റ്റാർ ഹോട്ടൽ/മസാജ് പാർലറുകൾക്ക് ഉണ്ടായിരുന്ന 75% അധിക നിരക്കും ഒഴിവാക്കുകയുണ്ടായി.

4. കെട്ടിടത്തിന്റെ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽനാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ, ഇന്നാംതരം റോഡ് എന്നിവയിൽനിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളെ അപേക്ഷിച്ച് 30% അധിക നിരക്ക്, 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകൾക്ക് ബാധകമായിട്ടുള്ള 20% അധിക നിരക്ക് എന്ന തോതിലേക്ക് കുറവ് വരുത്തിയിട്ടുണ്ട്.

5. 200 ച.മീ.മുതൽ 300 ച.മീ. വരെ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളിന്മേൽ ഉണ്ടായിരുന്ന 10% അധിക നിരക്കുകളും 300 ച.മീറ്ററും അതിലധികവും വരുന്ന കെട്ടിടങ്ങൾക്കുള്ള 20% അധിക നിരക്കും ഒഴിവാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

6. എയർ കണ്ടീഷനിംഗ് സൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളെ അപേക്ഷിച്ച് 10% വർദ്ധനവ് എന്നത് കേന്ദ്രീകൃത (സെൻട്രലൈസ്ഡ്) എയർ കണ്ടീഷനിംഗ് സൗകര്യമുള്ള കെട്ടിടങ്ങൾക്ക് എന്ന നിലയിൽ പരിമിതപ്പെടുത്തി.

7. മേൽത്തരം തടി അഥവാ മറ്റേതെങ്കിലും വിലയേറിയ ചുവർ നിർമ്മാണ വസ്തുക്കൾ കൊണ്ടുള്ള , ആകർഷകമാക്കപ്പെട്ട ചുവർ എന്നിവയക്ക് അടിസ്ഥാന വസ്തു നികുതി നിരക്കുകളിന്മേൽ ഉണ്ടായിരുന്ന 15% അധിക നിരക്ക് വേണ്ടെന്നുവച്ചു

8. മേൽത്തരം തടി, മാർബിൾ, ഗ്രാനൈറ്റ്, വിട്രിഫൈഡ്/ഗ്ലേസ്ഡ് ടൈൽ അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട്നിർമ്മിച്ച തറയോട് കൂടി കെട്ടിടങ്ങൾക്ക് ഉണ്ടായിരുന്ന 15% അധിക നിരക്ക് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള തറയോട് കൂടിയ കെട്ടിടങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി.

(സി&ഡി) 1993-94 കാലഘട്ടത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും ഒടുവിൽ വസ്തു നികുതി പരിഷ്കരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിലെ മുഖ്യ വരുമാന സ്രോതസ്സ് വസ്തു നികുതിയാണ്. ദീർഘകാലമായി വസ്തു നികുതി പരിഷ്കരിക്കാതിരുന്നതു മൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും വരുമാനമില്ലാത്ത അവസ്ഥയുണ്ടായിരുന്നു. കറണ്ട് ചാർജ്ജ്, വെള്ളക്കരം, ഇന്ധന ചെലവ്, മറ്റിതരചെലവ് എന്നിവയിൽ കാലാകാലങ്ങളിലുണ്ടായ വർദ്ധനവിനനുസരിച്ച് ചില ഗ്രാമപഞ്ചായത്തുകൾക്ക് തനതു വരുമാനം വർദ്ധിക്കാതിരുന്ന സാഹചര്യത്തിൽ, സർക്കാർ 150-ഓളം ഗ്രാമപഞ്ചായത്തുകൾക്ക് ഗ്യാപ്പ് ഫണ്ട് അനുവദിച്ചിരുന്നു. എന്നാൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയതോടെ ഈ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ട്. നികുതി ഇളവ് നൽകിയതുമൂലം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കാര്യമായ വരുമാനനഷ്ടം സംഭവിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണം പൂർത്തിയാകുന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനത്തിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly